**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **19-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ച നൽകൽ, ഭൂമി സംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ റവന്യൂ വകുപ്പ് അല്ലാതെ അധികാരമില്ലാത്ത മറ്റ വകുപ്പുകൾ ചട്ടവിരുദ്ധമായ ഉത്തരവുകൾ ഇറക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ച നല്കൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമി അത് ഏതു വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും, സർക്കാർ ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്, പാട്ടത്തിന് നല്കുന്നതിന്, പതിച്ച നല്കുന്നതിന് എന്നിവയ്ക്കുള്ള അധികാരവും റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാക്കിക്കൊണ്ട് റവന്യൂ വകുപ്പ് G.O(Ms)No.116/2019/RD dated 02.04.2019 ഉത്തരവ് (അനുബന്ധം 1) പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകൾ ടി വിഷയത്തിന്മേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ പാടില്ലായെന്ന് നിർദ്ദേശം നല്കികൊണ്ട് 18/11/2020 ലെ എ4/223/2019/റവ നമ്പർ പരിപത്രം (അനുബന്ധം 2) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ചട്ടങ്ങൾ ഗൗനിക്കാതെ, റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളുവെന്നും, അല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും, ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നല്കുകയും, ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതാത വകുപ്പുകൾ സ്വീകരിക്കുന്നതിനും സർക്കുലർ നം.23479/യു1/2011/റവ തീയതി 03/06/2011 (അനുബന്ധം 3), 02/04/2025 ലെ എൽ.1/93/2024/റവ (അനുബന്ധം 4) സർക്കുലറുകൾ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ബി) | ഏതൊക്കെ വകുപ്പുകൾ ആണ് ഇപ്രകാരം ഉത്തരവുകൾ ഇറക്കിയതായി കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകൾ ക്രമീകരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിൽ നഗരസഭാ കാര്യാലയത്തിന്റെ നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് ഭൂമി കൊട്ടാരക്കര നഗരസഭയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ട് ജലവിഭവ വകുപ്പ് 18.12.2023 ൽ സ.ഉ.(സാധാ)നം.1005/2023/ഡബ്ല്യൂ.ആർ.ഡി. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ചട്ട വിരുദ്ധമായിട്ടുള്ള ഈ നടപടിയിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ട്.<br><br>മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അന്താരാഷ്ട്ര സ്വിമ്മിംഗ് പൂളും ഹെൽത്ത് ഫിറ്റ്നസ് സെന്ററും ഉൾപ്പെടെയുള്ള സ്പോർട്സ് സെന്റർ സ്ഥാപിക്കുന്നതിന് ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽ 3.803 ഏക്കർ (1.5390 ഹെക്ടർ) സ്ഥലം ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി കായിക യുവജനകാര്യ വകുപ്പിനു ഉപയോഗാനുമതി നൽകി ജലസേചന വകുപ്പിന്റെ 30/11/2023 ലെ സ.ഉ.(സാധാ)നം.963/2023/WRD പ്രകാരം ജലവിഭവ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഈ ഉത്തരവിന്റെ തീർപ്പുഫയൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചു വരുന്നു. വ്യവസായം, ടൂറിസം വകുപ്പുകളും സമാനമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റു വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്കും, മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നൽകി 02/04/2025ലെ എൽ.1/93/2024/റവ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? അനുവദിക്കുന്നത് സംബന്ധിച്ച്? | (സി) | കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിൽ നഗരസഭാ കാര്യാലയത്തിന്റെ നിർമ്മാണത്തിനായി ജലസേചന വകുപ്പിന്റെ കൈവശമുള്ള 50 സെന്റ് ഭൂമി കൊട്ടാരക്കര നഗരസഭയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ട് ജലവിഭവ വകുപ്പ് 18.12.2023 ൽ സ.ഉ.(സാധാ)നം.1005/2023/ഡബ്ല്യൂ.ആർ.ഡി. സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ചട്ട വിരുദ്ധമായിട്ടുള്ള ഈ നടപടിയിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ട്.<br><br>മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അന്താരാഷ്ട്ര സ്വിമ്മിംഗ് പൂളും ഹെൽത്ത് ഫിറ്റ്നസ് സെന്ററും ഉൾപ്പെടെയുള്ള സ്പോർട്സ് സെന്റർ സ്ഥാപിക്കുന്നതിന് ഇരിട്ടി താലൂക്കിൽ പഴശ്ശി വില്ലേജിൽ 3.803 ഏക്കർ (1.5390 ഹെക്ടർ) സ്ഥലം ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി കായിക യുവജനകാര്യ വകുപ്പിനു ഉപയോഗാനുമതി നൽകി ജലസേചന വകുപ്പിന്റെ 30/11/2023 ലെ സ.ഉ.(സാധാ)നം.963/2023/WRD പ്രകാരം ജലവിഭവ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഈ ഉത്തരവിന്റെ തീർപ്പുഫയൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചു വരുന്നു. വ്യവസായം, ടൂറിസം വകുപ്പുകളും സമാനമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റു വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്കും, മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നൽകി 02/04/2025ലെ എൽ.1/93/2024/റവ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ- സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് - മാർഗ്ഗ നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

**സ.ഉ (കൈ) നം.116/2019/റവ തിരുവനന്തപുരം, തീയതി, 02/04/2019**

---

പരാമർശം :-1) സർക്കുലർ നം. 23479/യു1/11/റവ തീയതി. 03/06/2010

2) സ.ഉ (എം.എസ്) 387/2000/റവ തീയതി. 22/12/2000

**ഉത്തരവ്**

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂ സംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ നിലവിലുള്ള ചട്ടങ്ങൾ ഗൌനിക്കാതെ റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും, ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിനു മാത്രമേ അധികാരമുള്ളുവെന്നും, അതല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതും ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതാതു വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ് എന്ന് പരാമർശം (1) ലെ സർക്കുലർ പ്രകാരം നിഷ്കർഷിക്കുകയും ചെയ്തിരുന്നു.

2) കൂടാതെ ഒരു വകുപ്പിന്റെ പ്രത്യേക ആവശ്യത്തിനായി ഏറ്റെടുത്ത ഭൂമി ഏത് ആവശ്യത്തിനാണോ ഏറ്റെടുത്തത് ആയതിനോ വകുപ്പിലെ മറ്റാവശ്യങ്ങൾക്കോ വേണ്ടായെങ്കിൽ ആയത് റവന്യൂ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും പരാമർശം (2) ഉത്തരവിൻ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

3) എന്നാൽ പ്രസ്തുത നിർദ്ദേശങ്ങളെ മറികടന്ന് ചില വകുപ്പുകൾ ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമി നടപടിക്രമങ്ങളൊന്നും പാലിക്കാതെയും റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടാതെയും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നടപടികൾ റവന്യൂ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ അവതാളപ്പെടുത്തുന്നതിനാൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതുണ്ട്.

4) മേൽ സാഹചര്യത്തിൽ സർക്കാർ ഭൂമി, അത് ഏത് വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും സർക്കാർ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്, പാട്ടത്തിന് നൽകുന്നതിന്, പതിച്ചു നൽകുന്നതിന് എന്നിവയ്ക്കുള്ള അധികാരവും റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതാതു വകുപ്പ് തലവൻമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
അക്കൌണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും (ബന്ധപ്പെട്ട വകുപ്പുകൾ മുഖേന)
നിയമ/ധനകാര്യ വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Indu.G.G
സെക്ഷൻ ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

നം.എ 4/223/2019-റവ

റവന്യൂ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി, 18/11/2020

## പരിപത്രം

വിഷയം :- റവന്യൂ (എ) വകുപ്പ് - സർക്കാർ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവുകൾ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്നത് - മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :-
1. സ.ഉ(കൈ) നം.387/2000/റവ തീയതി,22/12/2000.
2. 03/06/2010 ലെ 23479/യു1/2011/റവന്യൂ നമ്പർ സർക്കുലർ.
3. സ.ഉ(കൈ) നം.116/2019/റവ തീയതി,02/04/2019.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ച് നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണ്. സർക്കാർ ഭൂമി സംബന്ധിച്ച്, അത് ഏത് വകുപ്പിന്റെ കൈവശത്തിലാണെങ്കിലും, നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഭൂമി കൈമാറ്റം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ. അതല്ലാതെ ഇത് സംബന്ധമായി മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല. ഒരു വകുപ്പിന്റെ പ്രത്യേക ആവശ്യത്തിനായി ഏറ്റെടുത്ത ഭൂമി ആ വകുപ്പിലെ ആവശ്യങ്ങൾക്ക് വേണ്ടായെങ്കിൽ ആയത് തിരികെ റവന്യൂ വകുപ്പിന് കൈമാറേണ്ടതാണ്. ഭൂമി കൈമാറ്റം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പാടില്ല, തുടങ്ങി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി മന്ത്രിസഭയുടെ അനുമതിയോടെ റവന്യൂ വകുപ്പിൽ നിന്നും സൂചന പ്രകാരം കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള ചട്ടങ്ങളും, ഉത്തരവുകളും മറികടന്ന് റവന്യൂ വകുപ്പിന്റെ അറിവോ, സമ്മതമോ കൂടാതെ മറ്റ് പല വകുപ്പുകളും സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഇത്തരം ഉത്തരവുകൾ പാലിക്കേണ്ടതില്ലായെന്നും, അത്തരം ഉത്തരവുകൾ അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ഉള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും, മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും ഇതിനകം പലതവണ നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ ഭൂമി ഏത് വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശവും, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവയുള്ള അധികാരവും റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാകയാൽ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതും, ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഭൂമി കൈമാറ്റം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി അതാത് വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകൾ ടി വിഷയത്തിൻമേൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പാടില്ലായെന്നും, അത്തരം ഉത്തരവുകൾ ഉടനടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ഉള്ള കർശന നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണർക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും നല്കുന്നു.

**ഡോ.എ.ജയതിലക് ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :- 1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും.
3. എല്ലാ തഹസിൽദാർമാർക്കും (ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന)
4. സെക്രട്ടേറിയറ്റിലെ നിയമം / ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും / സെക്ഷനുകൾക്കും, എല്ലാ ഓഫീസർമാർക്കും (ഇ - ഓഫീസ് നോട്ടീസ് ബോർഡ് മുഖേന അറിയിക്കുന്നതിന്)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

451

# കേരള സർക്കാർ

## റവന്യൂ (യു) വകുപ്പ്

## സർക്കുലർ

നമ്പർ 23479/യു1/2011/റവന്യൂ.

തിരുവനന്തപുരം, 2011 ജൂൺ 3.

വിഷയം:—സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—28-9-1996-ലെ 41441/പി1/96 റവ. നമ്പർ സർക്കുലർ.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂ സംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സൂചനപ്രകാരമുള്ള സർക്കുലറിലും ഇക്കാര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ, നിലവിലുള്ള ചട്ടങ്ങൾ ഗൗനിക്കാതെ റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും, ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂവെന്നും, അതല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുകളിൽപ്പറഞ്ഞ സാഹചര്യത്തിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതും ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതാതു വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ്.

ഡോ. പി. പ്രഭാകരൻ,
*ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

നിയമ/ധനകാര്യ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളും സെക്ഷനുകളും.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

---

GCPT. 3/2122/2011/DTP.

**കേരള സർക്കാർ**

റവന്യൂ (എൽ) വകുപ്പ്

**<u>സർക്കുലർ</u>**

നമ്പർ.എൽ1/93/2024/റവ 02-04-2025,തിരുവനന്തപുരം

വിഷയം:- റവന്യൂ വകുപ്പ് -സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:-

1. 03.07.2010ലെ 23479/യു1/2011/റവ നമ്പർ സർക്കുലർ.
2. 02.04.2019ലെ സ.ഉ(കൈ) നം.116/2019/റവ നമ്പർ ഉത്തരവ്.
3. 18/11/2020ലെ എ4/223/2019/റവ നമ്പർ സർക്കുലർ.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണ്. മേൽ സൂചന പ്രകാരമുള്ള സർക്കുലറുകളിലും സർക്കാർ ഉത്തരവിലും ഇക്കാര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നിലവിലുള്ള ചട്ടങ്ങൾ കണക്കിലെടുക്കാതെയും റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയും സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും, പാട്ടത്തിനു കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ എന്ന വസ്തുത സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ശ്രദ്ധിക്കേണ്ടതും, ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി അതാതു വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ്.

റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും, അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു.

TINKU BISWAL
PRINCIPAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/

സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി

സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.

നിയമ/ധനകാര്യ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളും സെക്ഷനുകളും.

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ (എല്ലാ ജില്ലയിലെയും).

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്,

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി